ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3427 വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സാധാരണയായി താൽക്കാലിക ഒഴിവുകളിലേയ്ക്കാണ് നിയമനം നടത്തിവരുന്നത്. ഇതിനു പുറമേ ജില്ലാ കളക്ടർ മുഖേന നടത്തുന്ന വികലാംഗരുടെ നേരിട്ടുള്ള നിയമന പദ്ധതി പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി വികലാംഗർക്ക് സ്ഥിര നിയമനം നൽകി വരുന്നുണ്ട്. ഈ പദ്ധതിപ്രകാരം 2001-2003 കാലയളവിൽ 539 വികലാംഗർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) ഈ പദ്ധതിപ്രകാരമുള്ള നടപടികൾ എടുക്കുന്നത്, വികലാംഗ ജീവനക്കാർ ജോലി ചെയ്തിരുന്ന വകുപ്പുകളിലാണ്. അതിനാൽ എല്ലാവരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ഉടനേ ശേഖരിച്ചു നൽകുന്നതാണ്.

റബ്ബർ അധിഷ്ഠിത വ്യവസായത്തിലെ മിനിമം കൂലി പുതുക്കൽ

86 [540] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ അധിഷ്ഠിത വ്യവസായത്തിലെ മിനിമം കൂലി പുതുക്കുന്നതിനുള്ള മിനിമം വേജസ്സ് അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശ തൊഴിൽ വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ആയത് ഗവൺമെന്റ് വിജ്ഞാപനം ചെയ്യാത്തത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് പ്രസിദ്ധീകരിക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിമ വിജ്ഞാപനം തയ്യാറാക്കിയതിൽ അപാകത ഉണ്ടെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ആയത് ഗവൺമെന്റ് വിജ്ഞാപനം ചെയ്യാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശുപാർശ അനുസരിച്ച് അപാകത പരിഹരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗവൺമെന്റ് എത്രയും വേഗം പുറപ്പെടുവിക്കുന്നതാണ്.

തൊഴിൽ അപകടങ്ങളിൽ നൽകുന്ന നഷ്ടപരിഹാരം

T87 [541] ശ്രീ. സി. കെ. നാണു:

ഡോ: എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ചെയ്യുന്ന അവസരത്തിൽ അപകട മരണം സംഭവിക്കുന്ന ഏതെല്ലാം മേഖലയിലുള്ള പാവപ്പെട്ട തൊഴിലാളികൾക്കാണ് ഇപ്പോൾ സർക്കാർ സഹായം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തെങ്ങ് കയറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അവസരത്തിൽ താഴെ വീണ് മരണമടഞ്ഞാൽ അവരുടെ കുടുംബങ്ങൾക്ക് എന്ത് ധനസഹായമാണ് നൽകിവരുന്നത്;

(സി) ഗുരുതരമായി പരിക്ക് പറ്റി ഒരു തൊഴിലും ചെയ്യാൻ കഴിയാതെ വരുന്ന തെങ്ങുകയറ്റത്തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസമാണ് ഇപ്പോൾ നൽകി വരുന്നത്;

(ഡി) സാധാരണ നിലയ്ക്ക് ഇത്തരം അപേക്ഷകളിൽ തീരുമാനമെടുത്ത് സഹായം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ മരം കയറ്റ തൊഴിലാളികൾക്കാണ് ഇത്തരത്തിൽ സർക്കാർ സഹായം നൽകി വരുന്നത്.

(ബി) തെങ്ങ് കയറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അവസരത്തിൽ താഴെ വീണ് മരണമടഞ്ഞാൽ തൊഴിൽ വകുപ്പിൽനിന്നും കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം അവരുടെ കുടുംബങ്ങൾക്ക് ധനസഹായമായി 10,000 രൂപ നൽകിവരുന്നു.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly